ശ്രീ. പാലം തളിയത്തു: കൊച്ചിയിൽ സിറ്റിംഗ് ഫീസ് കൊടുക്കുന്ന എപ്പോഴുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിശ്ചയമില്ല. ഉണ്ടെന്നാണ് തോന്നുന്നതു്.

RISE OF PRICES

*287. [3] **Sri. N. D. Jose:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the Government has taken any steps to check the increase in prices of most commodities, since the outbreak of the Korean conflict; and

(*b*) if so what measures were adopted?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) The following measures have been adopted by Government. According to the provisions of the supply of Essential Commodities (Prices of Goods) Ordinance, XXVI of 1950 issued by the Government of India and which is enforced in this State also, the price of 11 items of goods mentioned in the schedule to the Ordinance has been controlled. Those prices have also been increased with the levels which prevailed on the 15th June, 1950. The question of adding further articles to the schedule is under consideration. The District Collectors and District Magistrates and the Director of Controlled Commodities have been invested with the powers under the ordinance.

Sri. N. D. Jose: As a result of the measures adopted, have the prices come down to any appreciable extent?

Sri. T. K. Narayana Pillai: Regarding the commodities the prices of which have been controlled, there has been certainly some decline in prices.

ശ്രീ. കെ. ആർ. ഇലഞ്ഞത്തു്: നിയന്ത്രിച്ചിട്ടുള്ള വിലയിൽ കൂടുതൽ വച്ചു് ഈ സാധനങ്ങൾ വിറ്റിട്ടുള്ളവരെ കണ്ടുപിടിക്കുകയോ ഏതെങ്കിലും കേസ്സുകൾ എടുക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സാധനങ്ങളെ സംബന്ധിച്ചിടത്തോളം കേസ്സുകൾ ഒന്നും എടുത്തിട്ടില്ല. മറ്റു ചില സാധനങ്ങളുടെ കാര്യത്തിൽ കേസ്സുകൾ എടുത്തിട്ടുണ്ടു്. ഇതിൽപ്പെടുന്ന സാധനങ്ങൾ ബ്ലേയിഡ്, ആസ്സർമിൽക്കു്, റബ്ബർടയർ, മുതലായവയാണു്.

ശ്രീ. കെ. കരുണാകരൻ: ഈ സാധനങ്ങളുടെ വില നിയന്ത്രിച്ചതിനുശേഷവും ജീവിതത്തോതു് വളരെ വർദ്ധിച്ചിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സാധനങ്ങളുടെ വില നിയന്ത്രിച്ചതുകൊണ്ടുമാത്രം ജീവിതത്തോതു വർദ്ധിക്കാതിരിക്കണമെന്നില്ല. അതു് മറ്റു പലതിനേയുംകൂടെ ആശ്രയിച്ചാണിരിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ: പട്ടികയിൽ പറഞ്ഞിട്ടുള്ള സാധനങ്ങൾക്കുതന്നെ വില നിയന്ത്രിച്ചതിനുശേഷം വില കുറഞ്ഞിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുറഞ്ഞിട്ടില്ലെന്നു് ഇപ്പോൾ മെമ്പർ പറഞ്ഞതിൽനിന്നും മനസ്സിലായി.

ശ്രീ. എ. കെ. പാച്ചുപിള്ള: കൺട്രോൾ ചെയ്തിട്ടുള്ള വിലയിൽ കൂട്ടിവച്ചു വിറ്റതിനു് ഏതെങ്കിലും കേസ്സുകൾ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ലിസ്റ്റിൽപ്പെടുന്ന സാധനങ്ങളെ സംബന്ധിച്ചിടത്തോളം കേസ്സുകൾ ഒന്നും എടുത്തിട്ടില്ലെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. മറ്റു ചില സാധനങ്ങളുടെ കാര്യത്തിൽ കേസ്സുകൾ എടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Gnanasigamoni: Are the prices of controlled commodities fixed under this ordinance?

Sri. T. K. Narayana Pillai: It has been fixed.

Sri. P. S. Nataraja Pillai: Has it come to the notice of the Government that the articles of consumption like chillies and condiments have gone up in prices?

Sri. T. K. Narayana Pillai: In some cases, it is a fact.

Sri. P. S. Nataraja Pillai: Have the Government taken any steps to control it?

Sri. T. K. Narayana Pillai: That is what I have stated in my reply. The question of adding further articles in the schedule is under consideration.

Sri. P. S. Nataraja Pillai: May I know whether the Government have any figures to show the extent to which the prices have gone up?

Sri. T. K. Narayana Pillai: I am not in possession of figures at present.

ശ്രീ. കെ. എ. മാത്യു: വില നിയന്ത്രിച്ചിട്ടുള്ള സാധനങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സാധനങ്ങളുടെ ലിസ്റ്റ് ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്. ഇപ്പോൾ പറയണമെന്ന നിർബ്ബന്ധമുണ്ടെങ്കിൽ പറയാം.

മി. സ്പീക്കർ: ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടെങ്കിൽ പറയണമെന്നില്ല.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: അത്യാവശ്യസാധനങ്ങളുടെ ഇറക്കുമതി വർദ്ധിപ്പിക്കാതെ വിലനിയന്ത്രിക്കുന്നതുകൊണ്ട് പ്രയോജനം ഒന്നും ഉണ്ടാകയില്ലെന്നറിയാമോ?

മി. സ്പീക്കർ: അതൊരു അഭിപ്രായമാണ്.

ശ്രീ. ഗാസ്പർ ഡിസിൽവ: വില നിയന്ത്രിച്ചിട്ടുള്ള സാധനങ്ങൾതന്നെ കുറഞ്ഞ വിലക്ക് കിട്ടാത്തതുകൊണ്ട് തൊഴിലാളികൾക്ക് വളരെ കഷ്ടതയുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സാധനങ്ങൾ തൊഴിലാളികൾ സാധാരണയായി ഉപയോഗിക്കുന്നവയല്ല. തുണിമില്ലുകൾ, റബ്ബർ ടയർ, മുതലായവ ഉപയോഗിക്കുന്ന തൊഴിലാളികൾ ഉണ്ടെന്നു തോന്നുന്നില്ല. ബ്ലേഡ് ഉപയോഗിക്കുന്ന തൊഴിലാളികൾ ഉണ്ടായിരിക്കാം. അല്ലാതെ മറ്റു സാധനങ്ങളൊന്നും തൊഴിലാളികൾ ഉപയോഗിക്കുന്നതല്ല.

INTEGRATION OF SERVICES

288. [4] Sri. P. S. Nataraja Pillai: Will the Hon'ble the Chief Minister be pleased to state whether integration of services and unification of the scales of pay have been effected; if not the reasons for the delay?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): അതിന്റെ ഉത്തരം നേരത്തെ പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ചോദ്യത്തിലെ രണ്ടാമത്തെ ഭാഗത്തിന്റെ ഉത്തരം പറഞ്ഞിട്ടില്ല. അതു് ഒന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടാമത്തെ ഭാഗത്തിനു് പ്രത്യേകമായിട്ട് ഒരുത്തരമില്ല. എല്ലാറ്റിനുംകൂടി ഒരു ഉത്തരമാണുള്ളതു്. അതു് ഇന്നലെ പറഞ്ഞിട്ടുണ്ട്. വേണമെങ്കിൽ ഒരിക്കൽക്കൂടി വായിക്കാം.

"Owing to the divergent policies that the two former Governments of Travancore and Cochin were following in regard to the recruitment, determination

LIBRARY ARCHIVES Kerala Legislative Assembly